പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 31 — 04.02.2013 ൽ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിൽ റാഗിങ്ങിനിരയായ മലയാളി വിദ്യാർത്ഥികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യസംസ്ഥാനങ്ങളിൽ റാഗിങ്ങിനിരയായി പീഡിപ്പിക്കപ്പെട്ട മലയാളി വിദ്യാർത്ഥികളുടെ എത്ര കേസ്സുകൾ സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, സർക്കാർ എന്തെല്ലാം നടപടികൾ ഈ കേസ്സുകളിൽ എടുത്തുവെന്നും വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ട രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലേക്ക് അന്വേഷണത്തിനായി അയച്ച് കൊടുത്തിട്ടുണ്ട്.<br>ശ്രീ. മുഹമ്മദ് റാഫിയുടെ പരാതിയെ തുടർന്ന് മാനന്തവാടി പോലീസ് സ്റ്റേഷനിൽ 54/2013 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ എഫ്.ഐ. ആർ. കർണ്ണാടകയിലെ തുംകൂർ പോലീസ് സ്റ്റേഷനിലേക്കും ശ്രീ ഹരിപ്രസാദിന്റെ പരാതിയെതുടർന്ന് സുൽത്താൻബത്തേരി പോലീസ് സ്റ്റേഷനിൽ 917/2012 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ എഫ്.ഐ.ആർ. തമിഴ്നാട്ടിലെ തിരുപ്പൂർ പോലീസ് സ്റ്റേഷനിലേക്കും അയച്ച് കൊടുത്തിട്ടുണ്ട്. |
| (ബി) ഈയടുത്ത ദിവസം കർണ്ണാടകയിൽ തുംകൂറിൽ വയനാട് സ്വദേശിയായ വിദ്യാർത്ഥി റാഗിങ്ങിനിരയായി മൃഗീയമായി പീഡിപ്പിക്കപ്പെട്ട സ്ഥിതിവിശേഷം പരിഗണിച്ച് കർണ്ണാടക സർക്കാരുമായി ഉന്നതതല ഇടപെടലുകൾ നടത്താൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) മുതൽ (ഡി) വരെ — വിവരം ശേഖരിച്ചു വരുന്നു. |
| (സി) എത്ര മലയാളി വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്നുണ്ടെന്നതു സംബന്ധിച്ച് സർക്കാരിന്റെ പക്കൽ | |

എന്തെങ്കിലും സ്ഥിതിവിവരക്കണക്കുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അന്തർസംസ്ഥാനതലത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ